ഔട്ട് പേഷ്യന്റ് ചികിത്സയും (Referal Service) രോഗപ്രതിരോധ പ്രവർത്തനങ്ങളും ദേശീയ/സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളുമാണ് പ്രധാനമായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നത്. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ്സിൽ ഉൾപ്പെടുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട നടപടികളും ബോധവൽക്കരണ പരിപാടികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും ജില്ലാ മെഡിക്കൽ ഓഫീസറുമാണ് സ്വീകരിക്കുന്നത്. പ്രതിമാസ റിപ്പോർട്ടുകൾ വഴിയും, അവലോകനയോഗങ്ങൾ വഴിയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ജില്ലാതലത്തിൽനിന്ന് സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ജൂനിയർ കൺസൾട്ടന്റുമാരുടെ പ്രൊമോഷൻ

58(747) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറൽ ആശുപത്രികളിലെ സ്പെഷ്യാലിറ്റി കേഡറുകളിലേക്ക് ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോയെന്ന് വിശദമാക്കുമോ?

ഉത്തരം

ജനറൽ ആശുപത്രികളിൽ ജനറൽ മെഡിസിൻ തസ്തികയിലൊഴികെ ബാക്കി എല്ലാ സ്പെഷ്യാലിറ്റി തസ്തികകളിലും ജൂനിയർ കൺസൾട്ടന്റുമാരായി പി.ജി. ബിരുദമുള്ള അസിസ്റ്റന്റ് സർജന്മാർക്ക് കേഡർ മാറ്റംവഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ജനറൽ മെഡിസിൻ സ്പെഷ്യാലിറ്റിയിൽ ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഹൃദയാഘാതം തടയുന്നതിനായി ബോധവൽക്കരണം

59 (748) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയചികിത്സാ രംഗത്ത് കേരളം ലോക നിലവാരത്തിലേക്ക് ഉയരുമ്പോഴും രോഗപ്രതിരോധത്തിൽ പിന്നോട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly